**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:3374** — **29.1.2014- ൽ മറുപടിക്ക്**

## കൃഷിവകുപ്പിലെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷി അസിസ്റ്റന്റ് ഗ്രേഡ് II, ഗ്രേഡ് I, അസിസ്റ്റന്റ് കൃഷി ഓഫീസർ എന്നീ തസ്തികകളിൽ കൃഷി വകുപ്പിൽ ആകെ എത്ര വീതം തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | എ) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റുമാരുടെ 3125 തസ്തികകളാണ് നിലവിലുള്ളത്. അവയുടെ ഗ്രേഡ് തിരിച്ചുള്ള വിവരം താഴെ രേഖപ്പെടുത്തുന്നു.<br><br>അസിസ്റ്റന്റ് കൃഷി ഓഫീസർ - 625<br>കൃഷി അസിസ്റ്റന്റ് ഗ്രേഡ് I - 937<br>കൃഷി അസിസ്റ്റന്റ് ഗ്രേഡ് II - 1563 |
| ബി) ഓരോ തസ്തികയിലും എത്ര ഒഴിവുകൾ ഉണ്ടെന്നും ആയതിൽ എത്ര എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | ബി) അസിസ്റ്റന്റ് കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഗ്രേഡ് I എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നത് യഥാക്രമം കൃഷി അസിസ്റ്റന്റ് ഗ്രേഡ് I , കൃഷി അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളിൽ നിന്നും പ്രൊമോഷൻ നൽകിയിട്ടാണ്. തത്ഫലമായി പ്രവേശന തസ്തികയായ കൃഷി അസിസ്റ്റന്റ് ഗ്രേഡ് II -ൽ ഉണ്ടാകുന്ന ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നത്. അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിൽ 21 ഒഴിവുകളും കൃഷി അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ 51 ഒഴിവുകളുമുണ്ട്. കൃഷി അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 129 ഒഴിവുകളുണ്ട്. ഇതിൽ 29 ഒഴിവുകൾ [26+3 എൻ.ജെ.ഡി] പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |